2014-15

2014-15-ലെ പച്ചക്കറി വികസന പദ്ധതി പ്രകാരം 513.616 ഹെക്ടർ തരിശ്ശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഒരു ഹെക്ടർ തരിശ്ശു നിലം കൃഷി ചെയ്യുന്നതിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കർഷകന് 25000 രൂപയും അടക്കം 30000 രൂപ സബ്സിഡിയായി നൽകി. ഇതിനായി 153.558 ലക്ഷം രൂപ ചെലവഴിച്ചു.

2015-16

2015-16 വർഷത്തിൽ 400 ഹെക്ടർ തരിശ്ശു ഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഒരു ഹെക്ടർ തരിശ്ശുനിലം കൃഷി ചെയ്യുന്നതിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കർഷകന് 25000 രൂപയും അടക്കം 30000 രൂപ സബ്സിഡിയായി നൽകും. ഇതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

II 2011-2012 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് 246.37 ലക്ഷം രൂപ ചെലവഴിച്ച് തരിശ്ശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു.

2012-2013 വർഷം ആകെ 1373.4 ഹെക്ടർ തരിശ്ശുനിലത്തിൽ നെൽകൃഷി 321.27 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കി.

2013-2014 വർഷം ആകെ 1636 ഹെക്ടർ തരിശ്ശു ഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുകയുണ്ടായി.

2014-2015 വർഷം ആകെ 1805.802 ഹെക്ടർ തരിശ്ശുഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുകയുണ്ടായി.

**പ്രവാസി മലയാളികളുടെ പുനരധിവാസം**

**11 (*131)** ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുദ്ധഭൂമിയിൽ ഉൾപ്പെടെ ജോലി ചെയ്ത പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മടങ്ങിയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തിന് കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ആഭ്യന്തര കലാപത്തെയും യുദ്ധസമാനമായ സാഹചര്യങ്ങളെയും തുടർന്ന് ഇറാഖ്/ലിബിയ/യെമൻ എന്നീ രാജ്യങ്ങളിൽ അകപ്പെട്ടുപോയ കേരളീയരെ തിരികെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമയോ ചിതമായി നടപടികൾ സ്വീകരിച്ചിരുന്നു. ഈ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ/ അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി സർക്കാർ 24 മണിക്കൂറും പ്രവർത്തി ക്കുന്ന ഹെൽപ്പ്ലൈനും കൺട്രോൾ റൂമും ഏർപ്പെടുത്തുകയും സഹായമഭ്യർത്ഥിക്കുന്നവർക്ക് രജിസ്ട്രേഷൻ സംവിധാനമേർപ്പെടുത്തുകയും ചെയ്തു. 24 മണിക്കൂർ ഹെൽപ്പ്ലൈൻ മുഖാന്തിരം നാട്ടിൽ എത്തുവാൻ സഹായമഭ്യർത്ഥിച്ചവരെ ഇന്ത്യൻ എംബസ്സിയും കേന്ദ്ര വിദേശകാര്യമന്ത്രാലയവും മുഖാന്തിരം തിരികെ നാട്ടിലെത്തി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഈ രാജ്യങ്ങളിൽ നിന്നും തിരികെ യെത്തിയവർക്കായി കേരളത്തിലെ എയർപോർട്ടുകളിലും വേണ്ട സജ്ജീകരണങ്ങൾ ഒരുക്കിയിരുന്നു. എയർപോർട്ടുകളിൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുകയും, ചെലവുകൾക്കായി 2000 രൂപ നൽകുകയും ചെയ്തിരുന്നു. എയർപോർട്ടുകളിൽനിന്നും അവരവരുടെ വീടുകളിലെത്തുന്നതിന് വാഹന സൗകര്യവും ഏർപ്പെടുത്തുകയുണ്ടായി.

ഇറാഖ്/ലിബിയ/യെമൻ എന്നീ രാജ്യങ്ങളിൽനിന്നും തിരികെയെത്തുന്നവരുടെ വിവരശേഖരണത്തിനായി നോർക്ക റൂട്ട്സ് വെബ്സൈറ്റിൽ തങ്ങളുടെ പേരും വിശദാംശങ്ങളും ഓൺലൈനായി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. മുംബൈ, ഡൽഹി വിമാനത്താവളങ്ങളിൽ എത്തിച്ചേർന്നവർക്ക് കേരള ഹൗസിൽ താമസ സൗകര്യവും ഭക്ഷണവും ഒരുക്കിയിരുന്നു. കൂടാതെ കേരളത്തിൽ അവരുടെ സ്വദേശങ്ങളിലെത്തുന്നതിനുള്ള ട്രെയിൻ, വിമാനടിക്കറ്റ് ഏർപ്പെടുത്തുകയും ചെയ്തു.

യെമനിൽനിന്നും കൊച്ചി, മുംബൈ വിമാനത്താവളങ്ങളിൽ തിരികെയെത്തുന്ന തമിഴ്നാട് സ്വദേശികൾക്ക് വേണ്ട സൗകര്യം നൽകണമെന്ന് തമിഴ്നാട് സർക്കാർ നോർക്കയോട് അഭ്യർത്ഥിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി എയർപ്പോർട്ട് വഴി 156 തമിഴ്നാട്ടുകാർക്ക് സ്വദേശത്ത് എത്തുന്നതിന് സൗകര്യ മൊരുക്കുകയും 2,000 രൂപ വീതം ചെലവുകൾക്കായി നൽകുകയും ചെയ്തിട്ടുണ്ട്. കൊച്ചിവഴി ഇന്ത്യയിൽ എത്തിയ മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളവർക്കും 2000 രൂപ വീതം നൽകി. യെമനിൽനിന്നും കപ്പൽമാർഗ്ഗം കേരളത്തിലെത്തിയവർക്കും 2000 രൂപയും വാഹനസൗകര്യവും നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സുസ്ഥിര വരുമാനം നേടുന്നതിനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് പുറമെ ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorka.gov.in-ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരികെയെത്തിയവരിൽ 23 നഴ്സുമാർക്ക് സർക്കാർ മുൻകൈയെടുത്ത് എൻ.എം.സി. ഗ്രൂപ്പിൽ ജോലി ലഭ്യമാക്കിയിരുന്നു. കൂടാതെ അഹല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേയ്ക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 152 പേരിൽ 20 പേരും യു.എ.ഇ.-യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാരേഖകൾ തയ്യാറായി വരുന്നു. ഇതിന് പുറമേ സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. യെമനിൽനിന്നും മടങ്ങിയെത്തിയവർക്കും തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

**കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതി**

**12 (*132)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജന പദ്ധതികൾക്ക് പകരം കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതികളാണ് അഭികാമ്യമെന്ന് ഗ്രീൻ ട്രിബ്യൂണൽ നിലപാടെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ചെറു മാലിന്യ നിർമ്മാർജ്ജന പദ്ധതികളെ അത് എപ്രകാരം ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) മാലിന്യ സംഭരണം, തരംതിരിക്കൽ, സംസ്കരണം, ഉപോല്പന്ന നിർമ്മാണം എന്നിവ വ്യവസായമായി പരിഗണിച്ച് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly